(ബി) ഇതുമൂലം എത്ര ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമായി ;

(സി) ഇതിന്റെ ഫലമായി നെൽക്കൃഷി രംഗത്ത് എത്ര വിള വർദ്ധനവുണ്ടാകും. വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2000-2001 വർഷത്തിൽ വൻകിട ജലസേചന പദ്ധതികൾ ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ 2000-2001 വർഷത്തിൽ 269 ചെറുകിട ജലസേചന പദ്ധതികൾ പൂർത്തീകരിച്ചു.

(ബി) ഇതുമൂലം 3686 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(സി) കൃഷിവകുപ്പിൽ നിന്ന് വിവരം ശേഖരിച്ചു നല്കുന്നതാണ്.

വൈദ്യുതി ബോർഡിൽ കൺസൾട്ടന്റിന് നല്കിയിട്ടുള്ള സൗകര്യങ്ങൾ

54 (1206) ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുള്ള എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനിയുടെ ഉദ്യോഗസ്ഥന്മാർക്ക് തിരുവനന്തപുരത്ത് താമസിക്കുന്നതിന് വേണ്ടി എന്തെല്ലാം സൗകര്യങ്ങൾ വൈദ്യുതി ബോർഡ് ചെയ്ത് കൊടുത്തിട്ടുണ്ട് ;

(ബി) അവർ താമസിക്കുന്ന കെട്ടിടത്തിന്റെ വാടക എത്രയാണ് ; ആ വാടക കൊടുക്കുന്നത് ആരാണ് ;

(സി) പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിനും മോടിപിടിപ്പിക്കുന്നതിനും മറ്റുമായി വൈദ്യുതി ബോർഡ് എന്തു തുക ഇതുവരെ ചെലവാക്കി ;

(ഡി) ഈ ഉദ്യോഗസ്ഥന്മാരുടെ ഓഫീസിനായി വൈദ്യുതി ബോർഡിന്റെ ആസ്ഥാനമന്ദിരത്തിൽ എത്ര ചതുരശ്ര അടി സ്ഥലം നൽകിയിട്ടുണ്ട് ;

(ഇ) ഇവിടെ ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള പണി നടത്തുന്നതിനും ഉപകരണങ്ങൾ നല്കുന്നതിനുമായി എന്തു തുക ചെലവഴിച്ചു ;

(എഫ്) ഇവർക്ക് സഞ്ചരിക്കുന്നതിനുള്ള എത്ര വാഹനങ്ങൾ നൽകിയിട്ടുണ്ട് ; അതിന് എ.സി. സൗകര്യം ഏർപ്പെടുത്തിയതുൾപ്പെടെ എന്തു ചെലവ് വന്നിട്ടുണ്ട് ;

(ജി) ഈ വാഹനങ്ങൾക്ക് ഡ്രൈവർമാർക്ക് ശമ്പളം, അലവൻസ്, റ്റി.എ., ഡി.എ. ഇനത്തിൽ പ്രതിമാസം എന്തു തുക ചെലവാക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം നവീകരണ പദ്ധതിയുടെ കൺസൾട്ടന്റായി നിയമിച്ചിട്ടുള്ള എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിയുമായുള്ള കരാർ പ്രകാരം അവരുടെ ഒരു ഉദ്യോഗസ്ഥന് തിരുവനന്തപുരത്ത് താമസിക്കുന്നതിനായി ഒരു കെട്ടിടം കെ.എസ്.ഇ.ബി. വാടകയ്ക്ക് എടുത്ത് നല്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ വാടക പ്രതിമാസം 15,000 രൂപയാണ്. സംസ്ഥാന വിദ്യുച്ഛക്തി ബോർഡാണ് വാടക നല്കുന്നത്.

(സി) 2,36,630.45 രൂപ വൈദ്യുതി ബോർഡ് ചെലവാക്കിയിട്ടുണ്ട്. കൂടാതെ 3,07,632 രൂപ എസ്.എൻ.സി. ലാവ്‌ലിൻ എന്ന കമ്പനി നേരിട്ട് ചെലവഴിച്ചിട്ട് ഉണ്ടെങ്കിലും പ്രസ്തുത ബില്ല് ബോർഡ് പാസ്സാക്കിയിട്ടില്ല.

(ഡി) ഉദ്ദേശം 500 ചതുരശ്ര അടി സ്ഥലം നല്കിയിട്ടുണ്ട്.

(ഇ) 5,31,089 രൂപ ചെലവഴിച്ചിട്ടുണ്ട്.

(എഫ്) മൂന്ന് വാഹനങ്ങൾ നല്കിയിട്ടുണ്ട്. രണ്ട് പുതിയ വാഹനങ്ങൾ വാങ്ങിയ വില ഉൾപ്പെടെ മൊത്തം 9,24,881 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജി) രണ്ട് സ്ഥിരം ഡ്രൈവർമാരും ഒരു കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവറുമാണ് പ്രസ്തുത വാഹനങ്ങൾ ഓടിക്കുന്നത്. സ്ഥിരം ഡ്രൈവർമാർക്ക് ശമ്പളം മറ്റലവൻസുകൾ എന്നിവയുൾപ്പെടെ പ്രതിമാസം യഥാക്രമം 14644 രൂപ, 9,347 രൂപ വീതവും ചെലവാകുന്നുണ്ട്. കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള ഡ്രൈവർക്ക് പ്രതിമാസം 5,000 രൂപ നൽകുന്നു.

തിരമാലയിൽ നിന്നും വൈദ്യുതി

55 (1207) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചത് എപ്പോഴെന്ന് വെളിപ്പെടുത്തുമോ ;

(ബി) തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) വിഴിഞ്ഞത്ത് പ്രവർത്തനക്ഷമമാക്കിട്ടുള്ള പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ ഉല്പാദനശേഷി എത്ര കിലോവാട്ട് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly